DESPATCHED
On.7/4/22...

31/3/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 1705(2)/2017/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 9644/എസ്.ഐ.സി-ജി 6/2017)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ധനേഷ് ഡി,
ആമീൻവെളി ഹൗസ്,
ആശ്രമം വാർഡ്, അവലൂക്കുന്ന്(പി.ഒ),
ആലപ്പുഴ – 688 006.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ കോടതി,
ആലപ്പുഴ.

2. അപ്പീൽ അധികാരി,
ജില്ലാ കോടതി,
ആലപ്പുഴ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28/02/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20/03/2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20/04/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17/05/2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14/07/2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18/07/2017 |
| ഹിയറിംഗ് നടന്ന തീയതി | 18/03/2022- ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ധനേഷ് ഡി 14/07/2017 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 18/07/2017 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1705(2)/2017/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 28/02/2017 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് അഡീഷണൽ ജില്ലാ കോടതിയിലെ AS 69/2012 (Filed on 10/10/2012) നമ്പർ കേസ്സുമായി ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കണമെന്നാണ്:

1) ഓർഡർ ഷീറ്റും

2) IA 824/2012 ഉത്തരവിന്റെ പകർപ്പും

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 20/03/2017-ന് അപ്പീൽ ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 20/04/2017 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 17/05/2017-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 01/08/2017 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ 28/02/2017-ൽ 15/2017 ആയി ജില്ലാ കോടതി വിവരാവകാശ ഓഫീസർക്ക് നൽകിയ അപേക്ഷ നിരസിക്കപ്പെട്ടതിനെ തുടർന്ന് ടിയാൻ RTI-APL07/2017 ആയി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും, ടി അപ്പീൽ 17/05/2017-ന് ചട്ടങ്ങളും രേഖകളും പരിശോധിച്ച ശേഷം കോടതി തള്ളി ഉത്തരവായിരുന്നുവെന്നും, ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ AS 69/2012 നമ്പർ കേസ്സിലെ ഓർഡർ ഷീറ്റിന്റെ പകർപ്പാണ് ആവശ്യപ്പെട്ടിരുന്നതെന്നും, എന്നാൽ ടി രേഖ R12 RTI (Subordinate Courts & Tribunals) Rules പ്രകാരം നൽകാനാവാത്തതിനാൽ ആണ് അപ്പീൽ തള്ളിയതെന്നും, കമ്മീഷനിൽ നിന്നും അയച്ചു കിട്ടിയ അപ്പീൽ പകർപ്പ് രണ്ടാം പേജിൽ അക്കാലത്തെ ജില്ലാ കോടതി ശിരസ്തദാർ ബി ഡയറിയിൽ ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നുവെന്നും, ടി ശിരസ്തദാരുടെ നടപടിയിൽ അഴിമതിയുണ്ടെന്നും ഒന്നാം അപ്പീലിൽ അപ്പീൽ ഹർജിക്കാരൻ ആക്ഷേപിച്ചിരുന്നതായി എഴുതിയിട്ടുണ്ടെന്നും, കമ്മീഷന് അറിയാവുന്നതുപോലെ കേസിലെ ഓർഡർ ഷീറ്റ് ജഡ്ജിയുടെ കൈപ്പടയിൽ തന്നെ രേഖപ്പെടുത്തുമ്പോൾ അതിലെ വിവരങ്ങൾ ചുരുക്കി ബന്ധപ്പെട്ട ക്ലാർക്കുമാർ തയ്യാറാക്കുന്നതാണ് ബി ഡയറിയെന്നും,

"The particulars entered in this form are not exhaustive and are shown merely as illustrative of the information to be given there in" എന്ന് ഓരോ ബി ഡയറിയിലും രേഖപ്പെടുത്തിയിട്ടുണ്ടെന്നും, അതുപ്രകാരം ഓർഡർ ഷീറ്റിൽ ജഡ്ജി സ്വന്തം കൈപ്പടയി ലെഴുതിയ ഉത്തരവ് ബി ഡയറിയിലേയ്ക്ക് ക്ലാർക്ക് പകർത്തിയത് ഒപ്പിട്ടു നൽകിയ ശിരസ്തദാർ അഴിമതി നടത്തിയെന്ന ആരോപണം തീർത്തും വിചിത്രവും അടിസ്ഥാനരഹിതവും നിലനിൽക്കാത്തതുമാണെന്നും ഇതോടൊപ്പം ഹാജരാക്കുന്ന AS 65/2012, AS 69/2012 കേസ്സുകളിലെ ബി ഡയറി പകർപ്പുകളും ടി കേസുകളിലെ ഓർഡർ ഷീറ്റിന്റെ പകർപ്പുകളും നോക്കി കമ്മീഷന് ഇക്കാര്യം മനസ്സിലാക്കാവുന്നതാ ണെന്നും, കേസിലെ സാക്ഷികൾ സാധാരണയായി കോടതിയുടെ പ്രത്യേക അനുവാദ ത്തോടെ ബി ഡയറി പകർപ്പാണ് അപേക്ഷിച്ച് വാങ്ങുന്നതെന്നും, ബി ഡയറി പകർപ്പുകൾ ടിയാന് നിഷേധിച്ചിട്ടില്ലെന്നുള്ള കാര്യം ടി സമയത്ത് പ്രത്യേകം ഓർക്കേണ്ട താണെന്നും, ഓർഡർ ഷീറ്റ് നോക്കി ബി ഡയറി എഴുതുന്നതിലോ ആ ബി ഡയറി ഒപ്പിട്ട് നൽകുന്നതിലോ യാതൊരു അഴിമതിയും സംശയവും ഇല്ല എന്ന് കമ്മീഷന് ബോധ്യമാ വുന്നതാണെന്നും, മാത്രമല്ല ഓർഡർ ഷീറ്റിലെ രേഖപ്പെടുത്തലിനു വിരുദ്ധമായി യാതൊന്നും തന്നെ ബി ഡയറിയിൽ രേഖപ്പെടുത്താനുമാവില്ലെന്നും, ഇതേപ്പറ്റിയൊക്കെ നല്ലവണ്ണം അറിയുന്ന അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമത്തെയും അതിലെ വ്യവസ്ഥകളെയും അധികാര സ്ഥാപനങ്ങളെയും ദുരുപയോഗം ചെയ്യുകയും അതിലൂടെ നിയമവ്യവസ്ഥയെ പുച്ഛിക്കുകയുമാണ് ചെയ്യുന്നതെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെ കേട്ടതിലും, ഒന്നാം എതിർകക്ഷിയുടെ 19/03/2022-ലെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് AS 69/2012 നമ്പർ കേസിലെ ഓർഡർ ഷീറ്റിന്റെ പകർപ്പ് എതിർകക്ഷി നൽകിയിട്ടില്ല എന്നുള്ളതാണെന്നും, എന്നാൽ അതേ രേഖയുടെ പകർപ്പ് 15/05/2018 തീയതിയിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ ലഭിച്ചിട്ടുണ്ടെന്ന് അപേക്ഷകൻ ഹിയറിംഗ് നോട്ടിൽ സമ്മതിക്കുന്നുവെന്നും, അങ്ങനെയെങ്കിൽ അപേക്ഷകന്റെ ടി അപ്പീലിലെ ആവശ്യം നിറവേറ്റിയിട്ടുള്ളതിനാൽ അപേക്ഷകൻ ധാർമികമായി ടി അപ്പീൽ സ്വയം പിൻവലിക്കുകയാണ് ചെയ്യേണ്ടിയിരുന്നതെന്നും, ടി അപ്പീൽ ദീർഘകാലം നിലനിർത്തുക വഴി കമ്മീഷന്റെ വിലപ്പെട്ട സമയം പാഴാകുന്നതിന് അപേക്ഷകൻ കാരണ മാകുകയാണ് ചെയ്തിട്ടുള്ളതെന്നും, ടിയാൻ പറയും വിധം 15/05/2018 തീയതിയിൽ അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ള രേഖ അപേക്ഷകന് നൽകിയിട്ടുള്ളതാണെന്നും, Right to Information (Subordinate Courts and Tribunals) Rules, 2006-ലെ Rule-12 പ്രകാരം നിരസിക്കേണ്ടിയിരുന്ന അപേക്ഷയിലെ ആവശ്യം അനുവദിച്ച് രേഖയുടെ പകർപ്പ് ലഭ്യമാക്കിയതെന്നും ഒന്നാം എതിർകക്ഷിയുടെ

നോട്ടപ്പിഴ മൂലം സംഭവിച്ചിട്ടുള്ളതാണെന്നും, ആയത് ഈ അപ്പീൽ അനുവദിക്കുന്നതിനുള്ള കാരണമാവുകയില്ലെന്നുമാണ്. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 31-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV